നം.സി1/8220/റ്റി.സി./2009

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം.
തീയതി : 28.06.2010.

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ.

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് - അനധികൃത റെന്റ് - എ- കാർ സംവിധാനം - സംബന്ധിച്ച്

സൂചന :- 18.05.2009 തീയതിയിൽ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ വ്യക്തിഗത ശ്രദ്ധ ക്ഷണിക്കുന്നു. അനധികൃത റെന്റ് - എ- കാർ സംവിധാനത്തെ കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നല്കുവാൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരോടും സൂചന പ്രകാരമുള്ള കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. മറുപടി നൽകിയ എല്ലാവരും തന്നെ ഇത്തരത്തിലുള്ള അനധികൃത സംവിധാനം തങ്ങളുടെ അധികാര പരിധിയിൽ ഇല്ലെന്നോ, ശ്രദ്ധയിൽ പെട്ടിട്ടില്ല എന്നോ, ഒക്കെയാണ് മറുപടി നൽകിയത്. എന്നാൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അനധികൃതമായ റെന്റ് - എ- കാർ സംവിധാനം നിലനിൽക്കുന്നതായി വ്യാപകമായ ആക്ഷേപം ഉയർന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇത്തരത്തിലുള്ള അനധികൃത റെന്റ് - എ- കാർ സംവിധാനം - നിലവിലുണ്ടെങ്കിൽ ആയതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുവാൻ താങ്കളോട് നിർദ്ദേശിക്കുന്നു. പ്രസ്തുത നിർദ്ദേശം നടപ്പിൽ വരുത്തുന്നതിന് എല്ലാ ഉദ്യോഗസ്ഥന്മാരും വ്യക്തിഗത ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അതാത് മേഖലയിലെ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ പ്രത്യേക താൽപ്പര്യമെടുത്ത് അനധികൃത റെന്റ് - എ- കാർ സംവിധാനം സംബന്ധിച്ചുള്ള പരിശോധനകൾ ഏകോപിപ്പിക്കുകയും, പ്രസ്തുത പരിശോധനയുടെ വിശദ റിപ്പോർട്ട് ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. ഇത്തരത്തിലുള്ള സംവിധാനങ്ങൾ തങ്ങളുടെ അധികാര പരിധിയിൽ നിലവിലില്ല എന്ന് റിപ്പോർട്ട് നൽകിയതിനുശേഷം പിന്നീട് അവ കണ്ടുപിടിക്കപ്പെട്ടാൽ ഗുരുതരമായ നടപടികൾക്ക് വിധേയരാവേണ്ടി വരുമെന്നും ഇതിനാൽ ഓർമ്മിപ്പിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡി.റ്റി.സി (ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

പകർപ്പ് : - എം.വി.ഐ, എഫ്എസ്
റ്റി.സി.ഓഫീസ്, മേൽ പരിശോധനയ്ക്കായ് നൽകുന്നു.

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്